**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1637** **03-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വി.കെ. കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് വി.കെ. കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും പ്രദർശന സംവിധാനം ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയത്തിൽ ആധുനിക രീതിയിൽ പ്രദർശന സംവിധാനം സജ്ജമാക്കുന്നതിന് കേരളം ചരിത്ര പൈതൃക മ്യൂസിയം തയ്യാറാക്കിയ DPR ന് ഭരണാനുമതി നൽകുകയും, പ്രദർശന സംവിധാനം സജ്ജമാക്കുന്നതിന് കേരളം ചരിത്ര പൈതൃക മ്യൂസിയത്തിന് അനുമതി നൽകുകയും കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രദർശന സംവിധാനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | പ്രദർശന സംവിധാനം സജ്ജമാക്കുന്നതിന് കേരളം ചരിത്ര പൈതൃക മ്യൂസിയം തയ്യാറാക്കിയ DPR ന് ഭരണാനുമതി നൽകുകയും, പ്രദർശന സംവിധാനം സജ്ജമാക്കുന്നതിന് കേരളം ചരിത്ര പൈതൃക മ്യൂസിയത്തിന് അനുമതി നൽകുകയും കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കരാറിൽ ഏർപ്പെട്ട ഉടനെ പ്രദർശന സംവിധാനം സജ്ജമാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (സി) | വി.കെ. കൃഷ്ണമേനോൻ മ്യൂസിയത്തോടനുബന്ധിച്ച് പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | മ്യൂസിയത്തിന്റെ കൈവശമിരിക്കുന്ന സ്ഥലത്തിന്റെ ഒരു ഭാഗം വിട്ടുകിട്ടുന്നതിന് വേണ്ടി ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ച് വരികയാണ്. ആയതിനാൽ പുതിയ ഗ്യാലറികൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ